LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആരോഗ്യ വകുപ്പിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും ഡോക്ടർമാർ ആരും തന്നെ സംസ്ഥാനത്തുള്ള സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നില്ല. ;

(ബി) ബാധകമല്ല.

(സി) 10-7-2003-ലാണ് തീരുമാനിച്ചത്. മറ്റ് ഉപചോദ്യങ്ങൾ ബാധകമല്ല.

(ഡി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ആരോഗ്യ വകുപ്പിൽ നിന്നും ഡോക്ടർമാർ ആരുംതന്നെ തിരുവല്ല പുഷ്പഗിരി, കോലഞ്ചേരി, കാരക്കോണം സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഡെപ്യൂട്ടേഷനിൽ പോയിട്ടില്ല.

(ഇ) ബാധകമല്ല.

(എഫ്) ബാധകമല്ല.

(ജി) ആരോഗ്യ വകുപ്പിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ജോലി ചെയ്തുവരുന്ന ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവർക്ക് രാജ്യത്തിനകത്തും പുറത്തും ജോലി സ്വീകരിക്കുന്നതിനുവേണ്ടി ലീവ് അനുവദിക്കുന്നതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് 22-7-2003-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ തീരുമാനം കർശനമായി നടപ്പാക്കുന്നതിന്റെ ഭാഗമായി പരമാവധി അനുവദിക്കാവുന്ന ശൂന്യവേതനാവധി 20 വർഷത്തിൽ നിന്നും 10 വർഷമായി കുറച്ചിട്ടുണ്ട്. ദുർലഭം അല്ലാത്ത വിഭാഗത്തിൽ (Non-Scarce Category) നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് ശൂന്യവേതനാവധി അനുവദിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

ഒഴിവുള്ള തസ്തികകളിൽ നിയമനത്തിന് നടപടി

147 (4582) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരും മറ്റ് ജീവനക്കാരും ഉണ്ട് ;

(ബി) ഈ ആശുപത്രിയിൽ ഇനി എത്ര ഒഴിവുകളാണ് നിലവിലുള്ളത് ; വിശദമാക്കുമോ ;

(സി) ധാരാളം രോഗികൾ ചികിത്സയ്ക്കെത്തുന്ന ഈ ആശുപത്രിയിൽ എന്തുകൊണ്ടാണ് ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്താത്തത് ;

(ഡി) രോഗികളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് നിയമനം നടത്താൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സൂപ്രണ്ട് ഉൾപ്പെടെ 41 ഡോക്ടർമാരും ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ ഉൾപ്പെടെ 315 മറ്റ് ജീവനക്കാരും ഉണ്ട്.

(ബി) 37 ഒഴിവുകളാണ് ഉള്ളത്. വിശദവിവരം താഴെ ചേർക്കുന്നു :

1.	സ്റ്റാഫ് നഴ്സ്	..	4
2.	ഒപ്താൽമിക് അസിസ്റ്റന്റ്	..	3
3.	ഡ്രൈവർ	..	4
4.	ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-2	..	23
5.	പാർട്ട്-ടൈം സ്വീപ്പർ	..	3

(സി&ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

മെഡിക്കൽ ഓങ്കോളജി വിഭാഗത്തിലും സർജറി ഓങ്കോളജി വിഭാഗത്തിലും നിയമനം ലഭിക്കുന്നതിന് വേണ്ട യോഗ്യതകൾ

148 (4583) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ മെഡിക്കൽ ഓങ്കോളജി വിഭാഗത്തിലും സർജറി ഓങ്കോളജി വിഭാഗത്തിലും നിയമനം ലഭിക്കുന്നതിനു വേണ്ട അടിസ്ഥാന യോഗ്യതകൾ എന്താണെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽ ഡി.എം., എം.ബി.എച്ച്. യോഗ്യതയുള്ള എത്ര വിദഗ്ദ്ധ ഡോക്ടർമാർ ഉണ്ട് ; ഉണ്ടെങ്കിൽ അവർ ആരെല്ലാമാണെന്ന് പറയാമോ ?

ഉത്തരം

(എ) ആർ.സി.സി.യിലെ മെഡിക്കൽ ഓങ്കോളജി വിഭാഗത്തിൽ വിവിധ തസ്തികകളിൽ നിയമിക്കപ്പെടുന്നതിനുള്ള അടിസ്ഥാന യോഗ്യതകൾ ചുവടെ ചേർക്കുന്നു.

ലക്ചറർ :

അവശ്യയോഗ്യത : ജനറൽ മെഡിസിൻ/പീഡിയാട്രിക്സിൽ ഉള്ള എം.ഡി. ബിരുദം.

അഭികാമ്യം : മെഡിക്കൽ ഓങ്കോളജി വിഭാഗത്തിലുള്ള ഒരു വർഷത്തെ പ്രവൃത്തിപരിചയം.

LIBRARY ARCHIVES Kerala Legislative Assembly